തേജസ്

1191 കന്നി 20 • 1436 ദുൽഹജ്ജ് 22
6 ഒക്ടോബർ 2015 ചൊവ്വ

# സംവരണ പ്രക്ഷോഭത്തിന് സി.പി.എം.

സംവരണം സംരക്ഷിക്കുന്നതിനായി പ്രക്ഷോഭരംഗത്തിറങ്ങാൻ സി.പി.എം. സ്വന്തം അണികൾക്ക് നിർദേശം നൽകിയിരിക്കുന്നു. രാജ്യത്ത് ആദിവാസികളും ദലിതരും അടങ്ങുന്ന പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണത്തിനുള്ള ഒരേയൊരു മാർഗമായ സംവരണം കടുത്ത ഭീഷണി നേരിടുകയാണെന്നത് ഒരു കടുത്ത യാഥാർഥ്യമാണ്. സാമ്പത്തികവും സാമൂഹികവുമായി മുന്നിൽ നിൽക്കുന്ന വിഭാഗങ്ങൾ തങ്ങൾക്കും വേണം സംവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങളുടെ പിന്നിലെ യഥാർഥ ലക്ഷ്യം, സാമൂഹികമായ അവശതകൾ അനുഭവിക്കുന്ന വിഭാഗങ്ങൾ ഇന്ന് അനുഭവിച്ചുവരുന്ന സംവരണാനുകൂല്യം അട്ടിമറിക്കുക എന്നതുതന്നെയാണ്.

ഈ സാഹചര്യത്തിൽ സംവരണം ഭീഷണി നേരിടുകയാണെന്നും അതു സംരക്ഷിക്കാനായി പ്രക്ഷോഭരംഗത്തിറങ്ങേണ്ടത് അനിവാര്യമാണെന്നും സി.പി.എം. തിരിച്ചറിയുന്നത് സ്വാഗതാർഹം തന്നെ. സംവരണ സമുദായങ്ങളോട് ദീർഘകാലം ചിറ്റമ്മനയം അനുവർത്തിക്കുകയും അവർക്കു ലഭിക്കേണ്ട ന്യായമായ ആനുകൂല്യങ്ങൾ പോലും അട്ടിമറിക്കുകയും ചെയ്തതിനു കൂട്ടുനിന്നത് സി.പി.എം. തന്നെയാണെന്ന പൂർവകാല ചരിത്രമൊന്നും ഇപ്പോൾ വീണ്ടും ചികയേണ്ടതില്ല. കാരണം, വൈകിയാണെങ്കിലും വിവേകം വരുന്നത് ആരുടെ കാര്യത്തിലായാലും സ്വാഗതം ചെയ്യപ്പെടേണ്ടതുതന്നെയാണ്.

**ഈ സാഹചര്യത്തിൽ സംവരണം ഭീഷണി നേരിടുകയാണെന്നും അതു സംരക്ഷിക്കാനായി പ്രക്ഷോഭരംഗത്തിറങ്ങേണ്ടത് അനിവാര്യമാണെന്നും സി.പി.എം. തിരിച്ചറിയുന്നത് സ്വാഗതാർഹം തന്നെ. വൈകിയാണെങ്കിലും വിവേകം വരുന്നത് ആരുടെ കാര്യത്തിലായാലും സ്വാഗതം ചെയ്യപ്പെടേണ്ടതുതന്നെയാണ്.**

കേരളത്തിൽ സംവരണ സമുദായ മുന്നണിയുടെ തലപ്പത്തിരുന്ന എസ്.എൻ.ഡി.പി. യോഗത്തിന്റെ നേതൃത്വം സംഘപരിവാരവുമായി രാഷ്ട്രീയമുന്നണി രൂപീകരിക്കാനുള്ള നീക്കങ്ങളാണ് സി.പി.എമ്മിനു പുതിയ തിരിച്ചറിവുണ്ടാക്കിയതെന്ന കാര്യം പകൽപോലെ വ്യക്തമാണ്. ശ്രീനാരായണ പ്രസ്ഥാനവും ബന്ധപ്പെട്ട സമുദായവും ശക്തിയാർജിച്ചത് സംവരണാനുകൂല്യങ്ങളുടെ തണലിലാണെന്ന കാര്യം മറക്കാവതല്ല. സംവരണത്തെ ബി.ജെ.പിയുടെ സാമൂഹികാടിത്തറയായ സവർണവിഭാഗങ്ങൾ അനുകൂലിക്കുന്നില്ലെന്നതും തീർച്ചയാണ്. അക്കാരണങ്ങളാൽ എസ്.എൻ.ഡി.പി. യോഗവും സംഘപരിവാരവും ഒന്നിച്ചാലും ദീർഘകാലാടിസ്ഥാനത്തിൽ അവർക്കു യോജിച്ചുനിൽക്കുകയെന്നത് എളുപ്പമായെന്നു വരില്ല.

അതിനാൽ, അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ രണ്ടുകൂട്ടർക്കുമിടയിലുള്ള ഭിന്നതകൾ കൂടുതൽ മൂർച്ഛിപ്പിക്കുക എന്ന തന്ത്രപരമായ ലക്ഷ്യം മാത്രമാണ് സി.പി.എമ്മിന്റെ ഇപ്പോഴത്തെ സംവരണ സംരക്ഷണ പ്രക്ഷോഭത്തിനു പിന്നിലുള്ളതെന്നു തീർച്ച. ഇത് രാഷ്ട്രീയ കാപട്യമായി ആരെങ്കിലും ചൂണ്ടിക്കാട്ടിയാൽ അവരെ കുറ്റം പറയാനാവില്ല.

ഇന്നു തങ്ങൾ നേരിടുന്ന രാഷ്ട്രീയ പ്രതിസന്ധി മറികടക്കാൻ സി.പി.എമ്മിന് തങ്ങളുടെ രാഷ്ട്രീയ നിലപാടുകളിൽ ശക്തമായ പൊളിച്ചെഴുത്ത് അനിവാര്യമായി വരും. അവശവിഭാഗങ്ങളുടെ ശക്തരായ പടയാളികളും നേതാക്കളുമായി ഉയർന്നുവരുന്നതിന് അവർ തയ്യാറാവുകയാണെങ്കിൽ ഇന്നത്തെ പ്രതിസന്ധി വലിയൊരു അവസരമായി മാറ്റിയെടുക്കാൻ അവർക്കു കഴിയും. പക്ഷേ, അതിനു പുറംപൂച്ച് മാത്രം മതിയാവില്ല.

# ജൈവത്തിലെ വിശ്വാസം

ജൈവകൃഷിയുടെ ആവേശത്തിലാണ് ഇപ്പോൾ നാടെങ്ങും. ജൈവരീതിയിൽ കൃഷിചെയ്തതെന്ന് അവകാശപ്പെട്ടുകൊണ്ട് വരുന്ന പച്ചക്കറികളും കിഴങ്ങുവർഗങ്ങളും പഴങ്ങളും ധാരാളം. മഴക്കാലത്ത് മരുന്നുകഞ്ഞിയും കർക്കടകക്കഞ്ഞിയുമൊക്കെ വിൽപ്പന നടത്തുന്ന പല കൂട്ടായ്മകളും രംഗത്തുണ്ട്. കീടനാശിനികൾക്കും രാസവളങ്ങൾക്കും ഗുഡ്ബൈ പറഞ്ഞുവോ നാം?

പക്ഷേ, ജൈവമെന്ന് അവകാശപ്പെട്ടുകൊണ്ട് വിപണിയിലെത്തുന്ന ഉൽപ്പന്നങ്ങൾ എത്രത്തോളം ജൈവരീതിയിൽ ഉൽപ്പാദിപ്പിച്ചവയാണ്? അല്ലെങ്കിൽ എത്രയുണ്ട് തികച്ചും വിഷരഹിതമായി ഉൽപ്പാദിപ്പിച്ചവ? ഈ രംഗത്ത് തട്ടിപ്പുകൾ നടക്കാൻ സാധ്യതകൾ ഏറെയാണ്. ഉദാഹരണത്തിന് നവരനെല്ലിന്റെ കാര്യമെടുക്കുക. കർക്കടകമാസത്തിൽ നവരക്കഞ്ഞി കിറ്റുകൾ ധാരാളമായി വിപണിയിലെത്തുന്നുണ്ട്. ശരാശരി 10 ലക്ഷത്തോളം കിറ്റുകൾ വരുമത്രെ. എന്നാൽ, ഒരു കിറ്റിൽ ഏറ്റവും ചുരുങ്ങിയത് 300 ഗ്രാം അരിയുണ്ടെങ്കിൽപ്പോലും 10 ലക്ഷം കിറ്റുകൾ ഇറക്കാൻ 30 ടൺ അരി വേണം. കേരളത്തിൽ അതിന്റെ പാതിപോലുമില്ല നവര അരിയുടെ ഉൽപ്പാദനം.

ഇത് നവരയുടെ മാത്രം കഥയല്ല. വിപണിയിലെത്തുന്ന വിഷരഹിത ജൈവ ഉൽപ്പന്നങ്ങളും അവയുടെ ഉൽപ്പാദനവും തമ്മിൽ യാതൊരു പൊരുത്തവുമില്ല. കേരളത്തിൽ കള്ളുചെത്തുന്ന തെങ്ങുകളുടെ എണ്ണവും ഷാപ്പുകളിൽ വിൽക്കുന്ന കള്ളിന്റെ അളവും തമ്മിലുള്ള അനുപാതംപോലെ തന്നെയാണിത്. ജനം ഉത്തമവിശ്വാസത്തിൽ ഏതോ പൊടികൾ കലക്കിയ വെള്ളം കുടിച്ച് പിമ്പിരിയാവുന്നു. അതേപോലെ ഏതോതരം ധാന്യങ്ങൾകൊണ്ട് ഔഷധക്കഞ്ഞിയുണ്ടാക്കി കുടിക്കുകയും ചെയ്യുന്നു. വിശ്വാസമല്ലേ, എല്ലാം.

## നേർവര




# വികസനത്തിനു വികലമായ അജണ്ട

**കൽപ്പവൃക്ഷത്തണലിൽ**

**അശീഷ് കോത്താരി**

നിലനിർത്താനാവുന്ന വികസനപ്രക്രിയയുടെ അജണ്ട അംഗീകരിക്കാനായി കഴിഞ്ഞ ദിവസമാണ് ലോകനേതാക്കൾ ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭാ വേദിയിൽ സമ്മേളിച്ചത്. കേൾക്കുമ്പോൾ വളരെ ആകർഷകമായ കാര്യമായാണ് അത് അനുഭവപ്പെടുക. പ്രകൃതിയുമായി സമരസപ്പെട്ടുകൊണ്ടുള്ള വികസന പരിപ്രേക്ഷ്യം അവസാനം ലോകാംഗീകാരം നേടുകയാണെന്ന പ്രതീതിയാണ് അത് ഉൽപാദിപ്പിക്കുന്നത്. അതേസമയം, ലോകമെങ്ങും കോടിക്കണക്കിന് ആളുകൾ പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ് കഴിഞ്ഞുകൂടുന്നതെന്ന വസ്തുത വേറെ. എന്നാൽ, യു.എൻ. അവതരിപ്പിച്ച പുതിയ പരിപ്രേക്ഷ്യം ലോകത്തിനു സന്തോഷിക്കാൻ വക നൽകുന്നതാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

യു.എൻ. സമ്മേളനവേദിയിൽ അവതരിപ്പിച്ച 'ലോകത്തെ മാറ്റിമറിക്കൽ: നിലനിൽക്കുന്ന വികസനത്തിന് 2030 അജണ്ട' എന്ന രേഖ നിരവധി മാസങ്ങൾ വിവിധ രാജ്യങ്ങളിലെ വിദഗ്ധരും സംഘടനകളും നടത്തിയ ചർച്ചയുടെ ഫലമായി തയ്യാറാക്കിയതാണ്. ജനങ്ങളുമായി പല തലങ്ങളിലുള്ള സംവാദങ്ങളും ഇതിന്റെ ഭാഗമായി നടക്കുകയുണ്ടായി. 2030നകം പൂർത്തീകരിക്കുന്നതിനായി 17 ലക്ഷ്യങ്ങളും 169 ഉദ്ദേശ്യങ്ങളുമാണ് അതു മുന്നോട്ടുവയ്ക്കുന്നത്. ദാരിദ്ര്യം, ആരോഗ്യം, വിദ്യാഭ്യാസം, ലിംഗവിവേചനം, ജലം, ശുചിത്വം, ഇന്ധനം, സാമ്പത്തിക വളർച്ച, അസമത്വം, അടിസ്ഥാന സൗകര്യങ്ങൾ, ഉൽപ്പാദനവും ഉപഭോഗവും, ജനവാസപ്രദേശങ്ങൾ, പ്രകൃതിയും പ്രകൃതിവിഭവങ്ങളും, കാലാവസ്ഥ എന്നിങ്ങനെ നാനാമുഖമായ പ്രശ്നങ്ങളെ അത് അഭിസംബോധന ചെയ്യുന്നുണ്ട്.

**യു.എൻ. സമ്മേളനവേദിയിൽ അവതരിപ്പിച്ച 'ലോകത്തെ മാറ്റിമറിക്കൽ: നിലനിൽക്കുന്ന വികസനത്തിന് 2030 അജണ്ട' എന്ന രേഖ നിരവധി മാസങ്ങൾ വിവിധ രാജ്യങ്ങളിലെ വിദഗ്ധരും സംഘടനകളും നടത്തിയ ചർച്ചയുടെ ഫലമായി തയ്യാറാക്കിയതാണ്. ജനങ്ങളുമായി പല തലങ്ങളിലുള്ള സംവാദങ്ങളും ഇതിന്റെ ഭാഗമായി നടക്കുകയുണ്ടായി.**

2000–2015 കാലത്ത് യു.എൻ. നടപ്പാക്കിയ മില്ലേനിയം വികസനലക്ഷ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തീർച്ചയായും വളരെയേറെ മെച്ചപ്പെട്ട ഒരു രേഖയാണ് ഇപ്പോൾ ലോകം അംഗീകരിച്ചിരിക്കുന്നത്. വികസനം ലോകത്തിനു താങ്ങാവുന്നതാവണമെന്ന കാഴ്ചപ്പാട് ഇതിൽ അന്തർലീനമായിട്ടുണ്ട്. മാത്രമല്ല, ലിംഗപരമായ വിവേചനങ്ങളും അസമത്വത്തിന്റെ പ്രശ്നങ്ങളും ശക്തമായി ഈ രേഖ ഉന്നയിക്കുകയും ചെയ്യുന്നുണ്ട്.

രേഖയുടെ മുഖവും ഇങ്ങനെ പറയുന്നു: "മനുഷ്യാവകാശങ്ങളും മാനവികമായ അന്തസ്സും പ്രധാനമായി കാണുന്ന ഒരു ലോകമാണ് നാം വിഭാവന ചെയ്യുന്നത്. നിയമവാഴ്ചയും നീതിയും തുല്യതയും അവസരസമത്വവും അതിന്റെ നിർണായക ഘടകങ്ങളായി വർത്തിക്കണം. ഭാവിലോകത്ത് ഉൽപ്പാദനവും ഉപഭോഗവും പ്രകൃതിവിഭവങ്ങളുടെ ഉപയോഗവും പ്രകൃതിക്ക് താങ്ങാവുന്ന വിധത്തിൽ ക്രമപ്പെടുത്തണം. പ്രകൃതിയുമായി ഇണങ്ങിജീവിക്കുന്ന മാനവലോകം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. വന്യമൃഗങ്ങളും മറ്റു ജീവജാലങ്ങളും സംരക്ഷിക്കപ്പെടുന്ന ഒരു ലോകമാണ് നാം മുന്നിൽ കാണുന്നത്."

എന്നാൽ, ഈ പുതിയ ലക്ഷ്യങ്ങൾ (സസ്റ്റൈനബ്ൾ ഡെവലപ്മെന്റ് ഗോൾസ് (എസ്.ഡി.ജി.) എന്നാണ് ഇവ അറിയപ്പെടുന്നത്) ലോകത്തെ പാരിസ്ഥിതികമായ ഒരു സന്തുലനാവസ്ഥയിൽ എത്തിക്കാൻ സഹായിക്കുമെന്നു പ്രതീക്ഷിക്കാനാവില്ല. അതേപോലെ ദാരിദ്ര്യം തുടച്ചുനീക്കുന്നതിലും അസമത്വം അവസാനിപ്പിക്കുന്നതിലും അതു വിജയിക്കുമെന്നും പ്രതീക്ഷിക്കാനാവില്ല. അതിനു പ്രധാന കാരണം, ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള പ്രായോഗിക മാർഗമായി രേഖ ചൂണ്ടിക്കാണിക്കുന്നത് സാമ്പത്തിക വികസനം എന്ന വഴി മാത്രമാണെന്നതാണ്.

വികസനത്തിന്റെ പേരിൽ ഇന്നു ലോകത്തു നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ പ്രകൃതിക്കു താങ്ങാവുന്നതിലും അപ്പുറത്ത് എത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി സാമ്പത്തിക വളർച്ചയിൽ ഊന്നിയുള്ള വികസനലക്ഷ്യങ്ങൾ പ്രായോഗികമല്ല. സാമ്പത്തിക വളർച്ചയെ പ്രകൃതിയുടെ നാശത്തിൽ നിന്നു വ്യതിരിക്തമാക്കി മാറ്റുമെന്ന ലക്ഷ്യം രേഖ ഉയർത്തുന്നുണ്ട്. എന്നാൽ, അത്തരമൊരു വികസന സമീപനം ലോകത്ത് എവിടെയും സംഭവിച്ചതായി ഇതുവരെ തെളിവൊന്നുമില്ല. ഇന്ധനത്തിന്റെയോ ഉപഭോഗ വസ്തുക്കളുടെയോ കാര്യത്തിൽ പ്രകൃതിചൂഷണം ഒഴിവാക്കാവുന്ന സാങ്കേതികവിദ്യകൾ ഉണ്ടായിട്ടുപോലും, അത്തരമൊരു നീക്കവും പ്രായോഗികതലത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. നിലനിൽക്കുന്ന വികസനം ഇന്നും ഒരു സ്വപ്നം മാത്രമായി അവശേഷിക്കുകയാണ്.

**ലോകം ഇന്നത്തെ പ്രതിസന്ധിയിൽ നിന്നു രക്ഷ നേടണമെങ്കിൽ വിഭവങ്ങളുടെയും സമ്പത്തിന്റെയും രാഷ്ട്രീയശക്തിയുടെയും പുതിയ ഒരു പുനർവിഭജനമാണ് അനിവാര്യമായിരിക്കുന്നത്. ഭൂമിയിലെ സമ്പത്തിന്റെ പകുതിയും ജനസംഖ്യയിൽ ഒരു ശതമാനം കൈയടക്കിവയ്ക്കുന്ന അവസ്ഥ മാറണം. ഇത്തരത്തിലുള്ള അസമത്വം ലോകത്തിനു താങ്ങാവുന്നതിലും അപ്പുറമാണെന്നു നാം തിരിച്ചറിയണം.**

മറ്റൊരു പ്രധാന പ്രശ്നം, ദാരിദ്ര്യം തുടച്ചുനീക്കുന്നതിൽ പറയത്തക്ക നേട്ടമൊന്നും ഇതുവരെയും ലോകം ഉണ്ടാക്കിയിട്ടില്ലെന്ന വസ്തുതയാണ്. നോം ചോംസ്കിയും നവോമി ക്ലെയ്നും മറ്റ് ആയിരം ചിന്തകരും ഒപ്പിട്ട ഒരു നിവേദനത്തിൽ പറയുന്നത് 200 കോടി ജനങ്ങളെയെങ്കിലും ദാരിദ്ര്യത്തിൽ നിന്നു രക്ഷിക്കാൻ ഇന്നത്തെ രീതിയിൽ നോക്കിയാൽ ചുരുങ്ങിയത് 100 കൊല്ലം വേണ്ടിവരുമെന്നാണ്! അതിനു ലോക സമ്പദ്ഘടനയിൽ 12 ഇരട്ടി വർധനവു വേണ്ടിവരുകയും ചെയ്യും. അതിനു നൽകേണ്ടിവരുന്ന പാരിസ്ഥിതികമായ വില അതിബൃഹത്തായതായിരിക്കുകയും ചെയ്യും.

ലോകം ഇന്നത്തെ പ്രതിസന്ധിയിൽ നിന്നു രക്ഷ നേടണമെങ്കിൽ വിഭവങ്ങളുടെയും സമ്പത്തിന്റെയും രാഷ്ട്രീയശക്തിയുടെയും പുതിയ ഒരു പുനർവിഭജനമാണ് അനിവാര്യമായിരിക്കുന്നത്. ഭൂമിയിലെ സമ്പത്തിന്റെ പകുതിയും ജനസംഖ്യയിൽ ഒരു ശതമാനം കൈയടക്കിവയ്ക്കുന്ന അവസ്ഥ മാറണം. ഇത്തരത്തിലുള്ള അസമത്വം ലോകത്തിനു താങ്ങാവുന്നതിലും അപ്പുറമാണെന്നു നാം തിരിച്ചറിയണം.

എന്നാൽ, യു.എൻ. രേഖ ഇത്തരത്തിലുള്ള ഗുരുതരമായ പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കുകയാണ്. അസമത്വം തടയാൻ ഏറ്റവും പിന്നാക്കം നിൽക്കുന്ന 40 ശതമാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് മറ്റുള്ളവരുടേതിനേക്കാൾ ത്വരിതമാക്കണമെന്നു മാത്രമാണ് രേഖ പറയുന്നത്. അതിധനവാന്മാരുടെ സമ്പത്ത് പുനർവിതരണം ചെയ്യുന്ന പ്രശ്നത്തെക്കുറിച്ച് അതു തീർത്തും മൗനം അവലംബിക്കുകയാണ്. അതേപോലെ അതിസമ്പന്ന വിഭാഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന അമിതവിസർജ്യങ്ങളുടെ പ്രശ്നവും അതു പരിഗണിക്കുന്നില്ല.

ഭരണസംവിധാനം കൂടുതൽ ജനകീയവും ജനങ്ങളോട് ഉത്തരവാദിത്തമുള്ളതും ആക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു രേഖ സ്വാഗതാർഹമായ ചില പ്രസ്താവനകൾ നടത്തുന്നുണ്ട്. എന്നാൽ, ഭരണം ജനങ്ങൾ നേരിട്ടു കൈകാര്യം ചെയ്യുന്ന പുതിയൊരു കാഴ്ചപ്പാടിനെ സംബന്ധിച്ചു രേഖ മൗനമവലംബിക്കുകയാണ്. ഉൽപ്പാദനോപകരണങ്ങളും ഉൽപ്പാദനവ്യവസ്ഥയും ഭരണകൂടവും സ്വകാര്യമേഖലയും ചേർന്നു നിയന്ത്രിക്കുന്നത് തുടരും. കാരണം, അതു തൊഴിലാളികൾക്കോ ജനങ്ങൾക്കോ കൈമാറുന്ന വിഷയം പോലും രേഖ ചർച്ചാവിഷയമാക്കുന്നില്ല. ഐക്യരാഷ്ട്ര സംവിധാനം ഉടച്ചുവാർക്കുന്ന പ്രശ്നവും ഈ രേഖയുടെ പരിഗണനയിലില്ല. ഇന്നത്തെ യു.എൻ. വ്യവസ്ഥ വൻശക്തികൾക്കും ദേശരാഷ്ട്രഭരണകൂടങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. സാധാരണ ജനങ്ങൾക്കോ ആദിവാസി സമൂഹങ്ങൾക്കോ ഭരണകൂട വ്യവസ്ഥയുടെ പുറത്തുനിൽക്കുന്നവർക്കോ അതിലൊരു പങ്കാളിത്തവും ലഭിക്കുന്നില്ല.

പറഞ്ഞു പഴകിയ സാമ്പത്തിക വളർച്ചയുടെയും മുതലാളിത്ത വികസന സമ്പ്രദായത്തിന്റെയും ലക്ഷ്യങ്ങൾക്കു പകരം യു.എൻ. പുതിയൊരു ലോകക്രമത്തെക്കുറിച്ചാണ് യഥാർഥത്തിൽ പരിചിന്തനം നടത്തേണ്ടിയിരുന്നത്. ജി.ഡി.പി. വളർച്ച എന്ന രീതിയിൽ നിന്നു മാറി സമൂഹക്ഷേമം എന്ന പുതിയൊരു സമീപനമാണ് സ്വീകരിക്കേണ്ടത്.

ലാറ്റിനമേരിക്കയിലും ഏഷ്യയിലും ആഫ്രിക്കയിലും വിവിധ സമൂഹങ്ങളിൽ നടക്കുന്ന പുതിയ പരീക്ഷണങ്ങൾ ഇത്തരമൊരു നവീന പരിപ്രേക്ഷ്യം പ്രായോഗികമാണെന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. ഗ്രീക്ക് പ്രതിസന്ധിയിൽ ആ സമൂഹം തകരാതെ നിലനിൽക്കുന്നത് ഇത്തരത്തിലുള്ള പുതിയ സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ ഊന്നിയ നയങ്ങളുടെ ഫലമായാണ്. മെക്സിക്കോയിൽ സപാടിസ്റ്റ പ്രസ്ഥാനം ഇങ്ങനെ സമൂഹങ്ങൾ ഒന്നിച്ചുനിൽക്കുന്ന രീതിക്ക് ഉദാഹരണമാണ്. ഇത്തരത്തിലുള്ള പുതിയ സാമൂഹിക സഹകരണത്തിന്റെ ഉദാഹരണങ്ങൾ ഇന്നു ലോകമെമ്പാടും ലഭ്യമാണ്.

മാർപാപ്പയും ഇസ്ലാമിക സമൂഹത്തിലെ ഒരു വലിയ വിഭാഗം പണ്ഡിതൻമാരും ഈയിടെ പ്രകൃതിക്കും സമത്വത്തിനും നീതിക്കും ഊന്നൽ നൽകുന്ന പുതിയൊരു ആഗോള പരിപ്രേക്ഷ്യത്തിനു വേണ്ടി തങ്ങളുടെ ശബ്ദം ഉയർത്തുകയുണ്ടായി. എന്നാൽ, അത്തരം ശബ്ദങ്ങളൊന്നും 2030ന്റെ ലോകം സംബന്ധിച്ച ഐക്യരാഷ്ട്ര പ്രസ്താവനയിൽ വേണ്ടവിധം പ്രതിധ്വനിക്കുന്നതായി കാണുന്നില്ല. •

# അമേരിക്ക നിശ്ചയിക്കുന്നു



**ഡോ. ടൈറ്റസ് പി വർഗീസ്**

**സ്വവർഗരതിയുടെ പാശ്ചാത്യ രാഷ്ട്രീയം -2**

അതതു കാലങ്ങളിലെ അമേരിക്കൻ ഗവൺമെന്റുകളും യൂനിവേഴ്സിറ്റികളും ഔഷധനിർമാതാക്കളും തമ്മിലുള്ള ബന്ധമാണ് അതിൽനിന്നു തെളിയുന്നത്. സ്വവർഗരതി ഒരു രോഗമല്ല, മുൻകാല അനുഭവങ്ങളിൽനിന്ന് അറിഞ്ഞോ അറിയാതെയോ വന്നുപെടുന്ന ഒരു ശീലമാണ്. തങ്ങൾക്ക് മരുന്നിറക്കി പണമുണ്ടാക്കാൻ പറ്റുന്ന പ്രശ്നങ്ങളെ രോഗം എന്നും അല്ലാത്തവയെ ജീവിതശൈലി എന്നും പറയുന്നതാണ് പാശ്ചാത്യശാസ്ത്രത്തിന്റെ സ്വഭാവം!

ധാർമികത നഷ്ടപ്പെട്ട, കച്ചവടം മാത്രം ലക്ഷ്യമാക്കുന്ന പാശ്ചാത്യ ആധുനിക വൈദ്യശാസ്ത്രം സ്വവർഗരതിയെ വെറും സാധാരണം എന്ന ലേബലിൽ ആക്കിയതിന്റെ കാരണവും മേൽപ്പറഞ്ഞ വരികൾക്കിടയിലുണ്ട്. ഈ വലിയ ഭൂഗോളത്തിൽ അമേരിക്കയ്ക്കു മാത്രമേ മാനസിക പെരുമാറ്റക്രമഭംഗങ്ങളുടെ പേരുകളും ലക്ഷണങ്ങളും നിശ്ചയിക്കാൻ അവകാശമുള്ളൂ എന്ന മട്ടിലാണ് കാര്യങ്ങൾ പോയ്ക്കൊണ്ടിരിക്കുന്നത്. അവർ ഡി.എസ്.എം. ക്ലാസിഫിക്കേഷൻ (ഡയഗ്നോസ്റ്റിക് ആന്റ് സ്റ്റാറ്റിക്കൽ മാന്വൽ ഓഫ് മെന്റൽ ഡിസോർഡർ) എന്ന രോഗവിവരപ്പട്ടിക മുഖേന മറ്റു രാജ്യങ്ങളുടെമേൽ തങ്ങളുടെ കാഴ്ചപ്പാടുകൾ അടിച്ചേൽപ്പിക്കുന്നു.

കാലാകാലങ്ങളിൽ പുറത്തിറക്കുന്ന ഈ തടിച്ച പുസ്തകത്തിൽ രോഗലക്ഷണങ്ങളുടെ കസർത്തുകളല്ലാതെ ഒരൊറ്റ മാനസികപ്രശ്നത്തിന്റെ പോലും അടിസ്ഥാന കാരണം എന്താണെന്നു പറഞ്ഞിട്ടില്ല. പുറമെയുള്ള വെറും ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രോഗങ്ങൾക്ക് പേരിടുന്ന കോമഡി മനശ്ശാസ്ത്രത്തിലല്ലാതെ വേറെ ഒരു ശാസ്ത്രത്തിലും ഒട്ടില്ലതാനും.

സാമാന്യബുദ്ധിക്കുപോലും നിരക്കാത്തവിധത്തിലാണ് ഡി.എസ്.എം. പട്ടികയിൽനിന്നു സ്വവർഗരതിയെ അമേരിക്ക ഒഴിവാക്കിയത്. അതു വലിയ ആനക്കാര്യമായി സ്വവർഗ അനുഭാവികൾ കൊട്ടിഘോഷിക്കുമ്പോൾ അവർ അവരറിയാതെ പാശ്ചാത്യർ നിർമിക്കുന്ന കൃത്രിമ വിജ്ഞാനീയത്തിന്റെ അടിമയാവുകയാണ്.

മറ്റു യൂറോപ്യൻ രാജ്യങ്ങളിലെ പ്രഗല്ഭരായ ഡോക്ടർമാർപോലും എങ്ങനെയും അമേരിക്കൻ നിലപാടുകളെ അംഗീകരിച്ച് മുഖ്യധാരയുടെ ഭാഗമാവാൻ കഷ്ടപ്പെടുന്നു. നാലോ അഞ്ചോ വർഷങ്ങൾക്കുശേഷം മിക്കവാറും സ്വവർഗരതിയെ സൂചിപ്പിക്കാൻ മറ്റൊരു സാങ്കേതികപദം ഗവേഷണം ഉപജീവനമാക്കിയ മനശ്ശാസ്ത്രജ്ഞർ കണ്ടെത്തിയെന്നിരിക്കും. പിന്നെ ആ വാക്കായിരിക്കും മണ്ടന്മാരായ നാം ഉപയോഗിക്കുക.

സ്വവർഗപ്രവണതയിൽ അറിഞ്ഞോ അറിയാതെയോ പെട്ടുപോയ, അതിൽനിന്നു കരകയറണമെന്നാഗ്രഹിക്കുന്ന ഒരാളെയെങ്കിലും ചികിൽസിച്ചു ഭേദപ്പെടുത്താനുള്ള വഴികളെപ്പറ്റി ഇവരിൽ ഒരാൾപോലും ചിന്തിക്കുന്നതേയില്ല. പകരം അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ പറയുന്ന സെക്ഷ്വൽ ഓറിയന്റേഷൻ (സ്വവർഗരതി) അംഗീകരിക്കേണ്ടതാണ് എന്ന പല്ലവി ഇവർ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

മനശ്ശാസ്ത്രഗവേഷണം കാര്യമായും അമേരിക്ക കേന്ദ്രീകരിച്ചു നടക്കുന്നതിനാൽ ശാരീരികവും അല്ലാത്തതുമായ ലൈംഗിക വ്യതിചലനങ്ങളെ ആ നിലയ്ക്ക് പഠിക്കാനും വിശകലനം ചെയ്യാനുമുള്ള ശ്രമങ്ങൾ വേണ്ടത്ര ശുഷ്കാന്തിയോടെ നടക്കാറില്ല.

ഭൂരിഭാഗം വരുന്ന മനശ്ശാസ്ത്രജ്ഞരും മനോരോഗവിദഗ്ധരും തങ്ങളുടെ ബുദ്ധിയെയും ചിന്തയെയും സിലബസിൽ മാത്രം തളച്ചിടുന്നവരാണ്. അതാവട്ടെ അമേരിക്കയിൽ പിന്തുടരുന്ന സിലബസുകളുമായി ചേർന്നുനിൽക്കുന്നവയും. അവയിലൊക്കെയുള്ളത് സ്വവർഗരതിയെ ന്യായീകരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന വിവരങ്ങൾ തന്നെ. അപ്പോൾ പിന്നെ സ്വാഭാവികമായും ഭൂരിപക്ഷത്തോട് ചേർന്നുനിൽക്കാൻ ആഗ്രഹിക്കുന്ന ഡോക്ടർമാരും ആ വഴി പിന്തുടരുന്നു, അത്രമാത്രം.

നാളെ ഒരുപക്ഷേ, അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ സ്വവർഗരതി ചികിൽസിക്കപ്പെടേണ്ടതാണെന്നു പറഞ്ഞാൽ നമ്മുടെ ഭിഷഗ്വരന്മാർ അതുതന്നെ ഏറ്റുപാടും! സ്വവർഗരതിയും ഭൂരിഭാഗം മാനസിക-ലൈംഗിക പ്രശ്നങ്ങളും ഭൂതകാല ജീവിതാനുഭവങ്ങളിൽനിന്നു ക്രമേണ രൂപപ്പെടുന്നവയാണ്. അത്തരം സംഭവങ്ങളുടെ തീവ്രത ദൂരീകരിക്കുമ്പോൾ സ്വാഭാവികമായും ആ പ്രശ്നങ്ങളിൽനിന്നു ശമനം ഉണ്ടാവും. ഇങ്ങനെ പ്രായോഗികതയിൽ ഊന്നിയ ചികിൽസാസമ്പ്രദായങ്ങൾ നിലവിലുണ്ടുതാനും. എച്ച്.ആർ.ടി (ഹോമോസ്റ്റാസിസ് റിയാലിറ്റി തെറാപ്പി) അഥവാ സമനില യാഥാർഥ്യപാലനം എന്ന സമ്പ്രദായം ഒരുദാഹരണം.

കഴിഞ്ഞകാല അനുഭവങ്ങളുടെ ഓർമയല്ല, സ്വാധീനമാണ് ഒരു വ്യക്തിയിൽ പ്രശ്നങ്ങളുണ്ടാക്കുന്നത്. മനുഷ്യന്റെ പ്രശ്നങ്ങളെ നാലു പ്രമുഖ നെഗറ്റീവ് വികാരങ്ങളുടെ തലക്കെട്ടുകളിൽ ഒതുക്കാം. ഭയം, കോപം, നഷ്ടബോധം, കുറ്റബോധം. ഓരോ സംഭവങ്ങളും നമ്മളിലേക്ക് കടന്നുവരുന്നത് ഇന്ദ്രിയാനുഭവങ്ങളി(കാണുക, കേൾക്കുക, സ്പർശിക്കുക, മണക്കുക, രുചിക്കുക)ലൂടെയാണ്. അവയുടെ സ്വീകരണവും സ്ഥിരീകരണവും പ്രത്യക്ഷത്തിൽ ബോധതലത്തിലും പരോക്ഷമായി ഉപബോധതലത്തിലും പ്രാവർത്തികമായാൽ അനുബന്ധ പ്രശ്നങ്ങളുടെ തീവ്രത കുറയും എന്നത് ഒരു ശാസ്ത്രസത്യമാണ്. ഈ തത്ത്വത്തെ അടിസ്ഥാനമാക്കിയാണ് എച്ച്.ആർ.ടി. ചികിൽസ. അതായത്, ചെറുപ്പം മുതൽ കടന്നുപോയ ദുരനുഭവങ്ങളുടെ സ്വാധീനം (ഓർമയല്ല) ഡീകോഡ് ചെയ്തു മാറ്റുമ്പോൾ ഇപ്പോഴുള്ള അവസ്ഥ മാറിപ്പോവുന്നു. സ്വവർഗരതിക്ക് യഥാർഥ സ്വാഭാവിക ലൈംഗികതയുമായി യാതൊരു ബന്ധവുമില്ല എന്നതാണ് ഏറ്റവും കൗതുകകരം.

അരാജകത്വവും സ്വതന്ത്ര ലൈംഗികതയുമാണ് ആധുനികതയും പരിഷ്കാരവുമെന്നു വാദിച്ച് മഴവിൽ സഖ്യത്തിനു രൂപംകൊടുക്കുന്നവർ യഥാർഥത്തിൽ രണ്ടിന്റെയും പാശ്ചാത്യ നിർവചനങ്ങൾ തൊണ്ടതൊടാതെ വിഴുങ്ങുകയാണ്.

*(അവസാനിച്ചു)* •

**വായനക്കാർ എഴുതുന്നു**

# മിനാ ദുരന്തം: സൗദി ഗവൺമെന്റിനെ പഴിചാരരുത്

60 ഇന്ത്യക്കാർ ഉൾപ്പെടെ 1000ത്തോളം ഹാജിമാരുടെ മരണത്തിനും ഒട്ടേറെ പേരുടെ ഗുരുതര പരിക്കുകൾക്കും വഴിവച്ച മിനായിലെ തിക്കും തിരക്കും കഴിഞ്ഞ 25 വർഷത്തിനിടയ്ക്ക് ഉണ്ടായ ഏറ്റവും വലിയ ദുരന്തം തന്നെ. ഇതിന്റെ കാരണം സൗദി സർക്കാരിന്റെ തലയിൽ കെട്ടിവയ്ക്കും മുമ്പ് നാം മറ്റു കാര്യങ്ങൾ കൂടി പരിശോധിക്കേണ്ടതുണ്ട്. ഹജ്ജ് കർമത്തിനായി എത്തുന്നവർക്ക് സൗദി സർക്കാർ കുറ്റമറ്റ സജ്ജീകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്. അടുത്തകാലത്തായി അറബ് മേഖലയിൽ ശക്തിപ്പെട്ട തീവ്രവാദഭീഷണി മുൻനിർത്തി സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി അധികൃതർ ചില റോഡുകൾ അടച്ചിരുന്നു. ദുരന്തങ്ങൾ ഉണ്ടാവുന്നത് സൗദി സർക്കാരിന്റെ മാത്രം കുറ്റംകൊണ്ടല്ല. മറ്റു രാജ്യങ്ങളിൽനിന്നു തീർഥാടനത്തിനെത്തുന്നവർ നിയമങ്ങൾ പാലിക്കാത്തതും അപകടങ്ങൾക്കു കാരണമാവുന്നു. ഹജ്ജ് ഉല്ലാസയാത്രയോ പഠനയാത്രയോ അല്ല. മറിച്ച് അത് തികഞ്ഞ ആത്മീയ യാത്രയാണ്. അവിടെ സുഖസൗകര്യങ്ങൾക്കു പ്രസക്തിയില്ല. അവിടെ ആത്മനിയന്ത്രണവും ക്ഷമയുമാണു പ്രധാനം. ലക്ഷക്കണക്കിന് തീർഥാടകർ ഒരുമിച്ചുകൂടുന്നിടത്ത് ക്രമംതെറ്റിയ ചെറുചലനംപോലും വൻ ദുരന്തത്തിനു കാരണമാവും. ആൾക്കൂട്ടത്തിനിടയ്ക്ക് രൂപംകൊള്ളുന്ന തിക്കിലും തിരക്കിലും പെട്ട് നിലത്തുവീണാൽ പിന്നെ ജീവൻ നിലനിർത്താൻ പ്രയാസമാണ്. അതു മറ്റുള്ളവർക്കും അപകടമുണ്ടാക്കുന്നു. ഭക്തിയുടെ നിറവിൽ നിയന്ത്രണം വിട്ടുള്ള കുതിപ്പ് വൻ ദുരന്തത്തിനു കാരണമാവുന്നു. ഹജ്ജ് സാമ്പത്തികവും ശാരീരികവുമായി ശേഷിയുണ്ടെങ്കിൽ ജീവിതത്തിൽ ഒരിക്കൽ മാത്രം ചെയ്യേണ്ട കാര്യം മാത്രമാണ്. അതിനു പകരം പണക്കൊഴുപ്പിന്റെയും അഹങ്കാരത്തിന്റെയും അടയാളമായി ഹജ്ജിന് പോവുന്നവർ വർധിച്ചുവരുന്നു. അതിനു കർശന നിയന്ത്രണം സൗദി അറേബ്യയും മറ്റു രാജ്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

**എം ഇ അലിയാർ**
*പോഞ്ഞാശ്ശേരി*

## കവിയരങ്ങ്

ഈ ഓണക്കാലത്ത് കോഴിക്കോട്ടെ ടൗൺഹാളിൽ തിങ്ങിനിറഞ്ഞ സദസ്സിനു മുമ്പിൽ ഒരു കവിയരങ്ങ് നടന്നു. സംസ്ഥാന ടൂറിസം കൗൺസിൽ ചെല്ലും ചെലവും 500 രൂപയും ഓരോ കവിക്കും നൽകി. കോഴിക്കോട്ടെ ഇങ്ങനെയുള്ള വേദികളിലുണ്ടാവുന്ന സ്ഥിരം സാന്നിധ്യങ്ങൾ കവിതകളവതരിപ്പിച്ചു. ജില്ലാ കലക്ടറടങ്ങിയ കമ്മിറ്റിക്കാണ് പരിപാടിയുടെ ചുമതല. പക്ഷേ, ഇടയിൽ ഒരു കവി സ്റ്റേജിൽ മദ്യപിച്ച് വന്നു കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ പ്രബുദ്ധ സദസ്സിനെയും നഗരത്തെയും അപമാനിക്കുന്നതായിരുന്നു.

മദ്യപിച്ച് സ്റ്റേജിൽ വന്ന് അശ്ലീലം പറഞ്ഞ് കോപ്രായം കാണിക്കുന്ന സാംസ്കാരികനായകന്മാരും കവികളും ടി.എയും ഡി.എയും കൈപ്പറ്റി അടുത്ത വർഷത്തെ കവിയരങ്ങിലേക്ക് കുതിക്കുന്നു. ഇത്തരം സുരപാനകവികളെ വലിയ തുക കൊടുത്ത് ടൗൺഹാളിലേക്ക് ക്ഷണിക്കുന്നവരാണ് കുറ്റക്കാർ. ഈ കവിയുടെ വിക്രിയകൾ തുടർന്നപ്പോൾ സംഘാടകരിലൊരാൾ മാത്രമാണ് സ്റ്റേജിലുണ്ടായിരുന്നത്. കാരണം, കവിയുടെ 'പ്രകടനം' മുൻകൂട്ടി കണ്ട സാംസ്കാരികനായകന്മാർ വലിഞ്ഞുകളഞ്ഞു. ഇനിയെങ്കിലും സ്ഥിരം കവികളെയും സ്ഥിരം അനുശോചനപ്രസംഗക്കാരെയും ഒഴിവാക്കി യഥാർഥ പ്രതിഭകൾക്കും എഴുത്തുകാർക്കും അവസരം നൽകാൻ ജില്ലാ ഭരണാധികാരികൾ തയ്യാറാവണം.

**റഷീദ് പി സി പാലം**
**നരിക്കുനി**

"ഹജ്ജ് സാമ്പത്തികവും ശാരീരികവുമായി ശേഷിയുണ്ടെങ്കിൽ ജീവിതത്തിൽ ഒരിക്കൽ മാത്രം ചെയ്യേണ്ട കാര്യം മാത്രമാണ്. അതിനു പകരം പണക്കൊഴുപ്പിന്റെയും അഹങ്കാരത്തിന്റെയും അടയാളമായി ഹജ്ജിന് പോവുന്നവർ വർധിച്ചുവരുന്നു."

**എം ഇ അലിയാർ**
*പോഞ്ഞാശ്ശേരി*

**എഴുത്തുകൾ അയക്കേണ്ട വിലാസം:**
എഡിറ്റർ, തേജസ് ദിനപത്രം, മീഡിയാസിറ്റി,
കോഴിക്കോട് 673 027
e-mail: letters@thejasonline.com

കത്തയക്കുന്നവർ വരികൾ വിട്ടും വാചകങ്ങൾ ചുരുക്കിയും വേണ്ടത്ര മാർജിനിട്ടും എഴുതാൻ താൽപ്പര്യം. കത്തിനൊപ്പം മുഴുവൻ പേരും പൂർണവിലാസവും ടെല. നമ്പർ എന്നിവയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക. പൂർണവിലാസമില്ലാത്ത കത്തുകൾ പ്രസിദ്ധീകരിക്കുന്നതല്ല.